

# ACADEMIC MASTER PLAN

## AUPS CHENGANIYUR

2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ - സാമൂഹ്യശാസ്ത്രം - UP

എ.യു.പി.എസ്. ചെങ്ങന്നിയൂർ, മാത്തൂർ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക ചെലവ് |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ നേടിയെടുക്കൽ. | കളിയിലൂടെ...<br>• സാമൂഹ്യശാസ്ത്ര വിഷയവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ്, ധാരണകൾ, ശേഷികൾ ഇവ കണ്ടെത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഓരോ കുട്ടിയ്ക്കും നൽകുന്നു. | ജൂൺ-മാർച്ച് | SRG. S.S. അധ്യാപകർ | |
| | • പാദമുദ്രകൾ...<br>അന്താരാഷ്ട്രതലം, ദേശീയം, സംസ്ഥാന ജില്ലാതലങ്ങൾ - വരെയുള്ള ആനുകാലിക സംഭവങ്ങൾ, ചരിത്ര-ഭൂമിശാസ്ത്ര മേഖലയിലെ കാര്യങ്ങൾ, രാഷ്ട്രീയ-സാമൂഹിക വിഷയങ്ങൾ തുടങ്ങിയവ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി ക്വിസ്, പഠനക്കളികൾ ഇവ നടത്തുന്നു. | ജൂൺ-മാർച്ച് | SRG SS അധ്യാപകർ | |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കൽ | വിഷ്വൽ ഫീൽഡ് ട്രിപ്പ്...<br>ICT സാധ്യതകൾ - ലോകം/ഇന്ത്യ/കേരളം/പ്രാദേശികം - ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ - ഇവയുടെ വീഡിയോകളിലൂടെ ഫീൽഡ് ട്രിപ്പ് നടത്തുന്നു. ചരിത്രവസ്തുതകളിലേക്ക് തെളിവും തേടുന്നു. | ജൂൺ-ജൂലൈ | SRG SS അധ്യാപകർ | |

| | | | | |
|---|---|---|---|---|
| 3. ആശയങ്ങൾ, ധാരണകൾ, സന്ദേശങ്ങൾ, ചിന്തകൾ ഇവ ഉൾപ്പെടുത്തി സ്കിറ്റുകൾ, തെരുവ് നാടകങ്ങൾ എന്നിവ തയ്യാറാക്കൽ / അവതരണം നടത്തൽ. | അരങ്ങിലേക്ക് ... സാമൂഹിക പരിഷ്കർത്താക്കൾ, നവോത്ഥാന നായകർ, പ്രക്ഷോഭങ്ങൾ ഇവയുടെ ആശയങ്ങൾ/സന്ദേശങ്ങൾ ഉപയോഗിച്ച് ചെറുസ്കിറ്റുകൾ/നാടകങ്ങൾ ഇവ തയ്യാറാക്കി പൊതുവേദിയിൽ അവതരണം. സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തൽ. | ജൂലൈ - ആഗസ്റ്റ് | SRG SS. അധ്യാപകർ | |
| 4. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം നീതി, മറ്റ് ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കുക എന്ന ബോധ്യത്തിലേക്കുയരുക. | പ്രോജക്ട് ... ഇന്ത്യൻ ഭരണഘടനാ ഭേദഗതികളെക്കുറിച്ച്, അതിന്റെ ഫലങ്ങളെക്കുറിച്ചും - പ്രോജക്ട് തയ്യാറാക്കൽ. | ആഗസ്റ്റ് | SRG. SS. അധ്യാപകർ | |
| 5. രാജ്യത്തെ നിയമനിർമ്മാണം, നിയമങ്ങളെ മനസ്സിലാക്കൽ, നിയമങ്ങളുടെ പ്രവർത്തന രീതി, നിയമ വ്യവസ്ഥ - ഇവ മനസ്സിലാക്കുക. | നിയമബോധന ക്ലാസ് ... നിയമവിദഗ്ധരുടെ നിയമാവബോധ ക്ലാസ് സംഘടിപ്പിക്കുന്നു. | ആഗസ്റ്റ് - സെപ്തംബർ | SRG, SMC SS അധ്യാപകർ | 1500 |
| 6. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ/കുറ്റകൃത്യങ്ങൾ ഇവ തടയൽ - പോക്സോ നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. | പോക്സോ ബോധവൽക്കരണ പരിപാടി ... കുട്ടികളുടെ സുരക്ഷ - പോക്സോ നിയമം. ബോധവൽക്കരണ പരിപാടി നടത്തുന്നു. | " | SRG. SSG/SMC BRC SS. അധ്യാപകർ | 1500 |

| | | | | |
|---|---|---|---|---|
| 7. ഉചിതമായ സമയത്ത് ഉചിതമായ രീതിയിൽ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തി നേടുക.<br>• Safe touch/ Secret touch ഇവ തിരിച്ചറിയുക.<br>• പറയേണ്ടിടത്ത് 'No' പറയാൻ ശീലിക്കുക. | ലഘുലേഖ തയ്യാറാക്കാം...<br>കുട്ടികൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ ഉണ്ടാകാനിടയുള്ള സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ്, പ്രതിരോധിക്കാനും രക്ഷനേടാനും കരുത്ത് നൽകുന്ന പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ തയ്യാറാക്കുന്നു. | Sep- ഒക്ടോബർ | SRG.<br>SS. അധ്യാപകർ | 1000 |
| 8. സഹജീവികളോട് സമഭാവന. സ്നേഹം ബോധ്യം സൃഷ്ടിക്കുക. | നമ്മുടെ ലോകം ...<br>പ്രകൃതിദുരന്തങ്ങൾ, ജീവിതപ്രയാസങ്ങൾ, അവശതകൾ - ഉണ്ടാക്കപ്പെടുന്നവരോട് സൽമനോഭാവം ഉണ്ടാകാൻ - തങ്ങളാൽ കഴിയുന്ന സേവനങ്ങൾ നൽകൽ, മിതവ്യയത്തിലൂടെ ശേഖരിച്ച സാധന സാമഗ്രികൾ ഇവ എത്തിക്കൽ ഇടങ്ങളിലെ പ്രവർത്തനങ്ങൾ ഏറ്റെടുക്കൽ. | നവംബർ | SRG<br>SMC/SSG<br>പഞ്ചായത്ത്<br>BRC<br>SS. അധ്യാപകർ | 1000 |
| 9. ഗോത്രജനതയുടെ സാമൂഹിക ജീവിതം, ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ/ക്ഷേമം. ഇവ മനസ്സിലാക്കുന്നതിന് | ജീവിതത്തിലേക്ക് ...<br>ഹൃദയങ്ങളിലേക്ക് - ഫീൽഡ് ട്രിപ്പ്<br>• ഗോത്ര ജീവിതം, കൃഷി, ക്ഷേമം, കലകൾ ഇവ തിരിച്ചറിയാൻ ഫീൽഡ് ട്രിപ്പ്.<br>• ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ/ക്ഷേമ തിരിച്ചറിയാൻ ബഡ്സ് സ്കൂളുകളിലേക്ക് യാത്ര - അവരോടൊപ്പം കൂട്ടുകൂടൽ. | നവംബർ- ഡിസംബർ. | SRG<br>BRC<br>SS. അധ്യാപകർ | 2500 |

| | | | | |
|---|---|---|---|---|
| 10. ഭൂമിയുടെ ഉള്ളറയിലേക്ക് - സവിശേഷതകൾ തിരിച്ചറിയുന്നതിന്. | ശില്പശാലയിലേക്ക്... ഭൂമിയുടെ ഘടന, അന്തരീക്ഷം ജീവികളുടെ മാതൃക, ഗ്ലോബ് നിർമ്മാണം ഇവ ഉൾപ്പെടുത്തി ശില്പശാല സംഘടിപ്പിക്കുന്നു. | ഡിസംബർ - ജനുവരി. | SRG BRC SS. അധ്യാപകർ | 2000 |
| 11. ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ സവിശേഷതകൾ തിരിച്ചറിയൽ കാലാവസ്ഥ, ഭൂപ്രകൃതി ഇവയിൽ ഉണ്ടാകുന്ന സ്വാധീനങ്ങൾ മനസ്സിലാക്കുന്നതിന്. | ഇന്ത്യയിലൂടെ ... ICT ഉപയോഗിച്ച് ഇന്ത്യൻ ഉപഭൂഖണ്ഡത്തിന്റെ ഭൂപ്രകൃതി, കാലാവസ്ഥ തുടങ്ങി ഇവയിലെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ബോധ്യപ്പെടുന്നതിനു ഉപകാരമായ ആനിമേഷനുകളിലൂടെ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി. | SRG. SS അധ്യാപകർ | |
| 12. പ്രകൃതി ദുരന്തങ്ങൾ അപകടങ്ങൾ - രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അറിവും മനോഭാവവും വളർത്തുന്നതിന്. | അതിജീവനത്തിനായ്... പ്രകൃതിദുരന്തങ്ങൾ, അപകടങ്ങൾ ഇവയിൽ നിന്ന് രക്ഷനേടുന്നതിന്. ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിനും ആത്മധൈര്യത്തോടെ സമചിത്തതയോടെ പ്രതികരിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ Demonstration നടത്തി Disaster Management വിദഗ്ധരെ ഉൾപ്പെടുത്തി ക്ലാസുകൾ സംഘടിപ്പിക്കുന്നു. - ഇടപെടൽ ശേഷി ഉണ്ടാക്കൽ. | ജനുവരി - ഫെബ്രുവരി | SRG. BRC പരിശീലകർ SS. അധ്യാപകർ | 2000 |

| | | | | |
|---|---|---|---|---|
| 13. ദാരിദ്ര്യനിർമ്മാർജ്ജനത്തിന് കുടുംബശ്രീ പ്രവർത്തനങ്ങൾ എത്രത്തോളം സഹായിക്കുന്നു എന്ന് തിരിച്ചറിയുന്നതിന്. | അഭിമുഖം സംഘടിപ്പിക്കൽ... കുടുംബശ്രീ പ്രവർത്തനങ്ങൾ മനസ്സിലാക്കാൻ കുടുംബശ്രീ പ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുന്നു. | ഫെബ്രുവരി | SRG SMC/SSG. പഞ്ചായത്ത് SS.അധ്യാപകർ | |
| 14. ജനാധിപത്യത്തിന്റെ അടിസ്ഥാനമൂല്യങ്ങൾ തിരിച്ചറിയുന്നതിനും. ബോധ്യപ്പെടുന്നതിനും. | ജനാധിപത്യ... ജീവിതരീതി... ഗ്രാമസഭ/വാർഡ് സഭ എന്നിവയിൽ പങ്കെടുക്കുന്നതിലൂടെ ജനാധിപത്യ രീതികളുടെ പ്രവർത്തനപാഠങ്ങൾ മനസ്സിലാക്കുന്നതിനുള്ള സന്ദർഭം ഒരുക്കുന്നു.— ക്ലാസ് സഭകൾ സംഘടിപ്പിക്കുന്നു. | ഫെബ്രുവരി - മാർച്ച്. | SRG. SS. അധ്യാപകർ | 1000 |
| 15. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന്. | തിരിച്ചറിയാൻ... (ഫീൽഡ് സ്റ്റഡി/സർവ്വേ) പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾ മനസ്സിലാക്കാൻ ക്വാറികൾ, കുളങ്ങൾ, തണ്ണീർത്തടങ്ങൾ, വയലുകൾ, കുന്നുകൾ - തുടങ്ങിയവ സന്ദർശിക്കുക - അവസ്ഥകൾ മനസ്സിലാക്കുക - റിപ്പോർട്ട് തയ്യാറാക്കുക. അധികാരികളുടെ മുന്നിലേക്ക് എത്തിക്കുക. | മാർച്ച്. | SRG. പഞ്ചായത്ത് BRC SS. അധ്യാപകർ | 4000 |

# اردو کا ڈرامائی سفر پیرالان

# 2025-26

## افتتاب اردو

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠനം ആശയ ബോധം<br>ഉർദുവായന | വായന മത്സരങ്ങൾ<br>ക്വിസ് മത്സരങ്ങൾ<br>ഉർദു പത്രങ്ങൾ<br>വായന കാർഡുകൾ<br>തുടങ്ങിയവ വായനയ്ക്ക്<br>ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു കൺവീനർ | | HM |
| 2 | മേരെ അൽഫാസ് | രചനാ ശേഷി വളർത്തൽ<br>ഉർദുവിൽ മികച്ചതും<br>ഭംഗിയുള്ളതുമായ<br>കൈ എഴുത്ത് എന്ന<br>ലക്ഷ്യം പൂർത്തീക-<br>രിക്കുക.<br>കുട്ടികളിലെ<br>സർഗ്ഗാത്മകത | ടേം ൽ / വീതം | ഉർദു കൺവീനർ | | |

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിന് വേണ്ടി കയ്യെഴുത്ത് മാസിക ചുമർ പത്രിക നിർമാണം വായന കാർഡ് നിർമാണം | | | | |
| 3 | ഇ.ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ പ്രിന്റഡ് പതിപ്പുകൾ വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ | ഒരു വർഷം | | | |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | | | |

| | | | | |
|---|---|---|---|---|
| 5 | ബസ്മ-എ ഇൽമ് GK | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലേക്ക് എത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ടേംൽ 1 വീതം | ഉർദു ക്ലബ് |
| 6 | മുശാഇറ | ഉർദു ഗസലിനെയും ഹിന്ദുസ്ഥാനി സംഗീതത്തെയും അടുത്തറിയാനും സംഗീതവാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിന് വേണ്ടിയും | വർഷത്തിൽ 1 | ഉർദു ക്ലബ് |

| | | | | | |
|---|---|---|---|---|---|
| 7 | ഹാം ഖിലേ ഉർദു ക്ലബ്ബ് | കുട്ടികളിലെ രചനാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുതകുന്ന വിധം കവിത, കഥ, ഉപന്യാസ ക്യാമ്പുകൾ ഉർദു സാഹിത്യകാരന്മാരുടെ ക്ലാസുകൾ സംഘടിപ്പിക്കുക | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | |
| 8 | ഷോർട്ട് ഫിലിം | കുട്ടികളിലെ അഭിനയ കഴിവും അവതരണ ശേഷിയും പരിപോഷിപ്പിക്കുന്ന തരത്തിലുള്ള ഷോർട്ട് ഫിലിം തയ്യാറാക്കൽ | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| 9. | ഉർദു ദിനം | ടാലന്റ് മീറ്റ്, അക്ഷരമരം ഭാഷാസെമിനാർ എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | |
| 10. | വായന ആസ്വാദനം. | കുട്ടിവായന, അമ്മയും-കുഞ്ഞും വായന ആസ്വാദന കുറിപ്പ്, പുസ്തകചർച്ച ക്വിസ് മത്സരം, മെഗാക്വിസ് | ഒരു വർഷം | ഉർദു ക്ലബ്ബ് | |
| 11 | തലാഷ് | പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ 1 | ഉർദു ക്ലബ്ബ് | |
| 12 | ദിനാചരണങ്ങൾ | ഭാഷയെയും വളർത്തുന്ന തിളക്കുന്ന രീതിയിൽ വിവിധ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 13 | തൊഴിൽ നൈപുണി | തൊഴിൽ നൈപുണി വളർത്തുന്നതിന് വേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് |
| 14. | ഉർദു കൈ മോത്തിയാര<br>ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യരൂപങ്ങളെയും, ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടാൻ പൊതുവേദി ഒരുക്കുക ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന് | |

[illegible]

# हिंदी अकादमिक मास्टर प्लान

ए. यू. पी. एस
चेंड. णियूर

हिंदी अकादमिक

मास्टर प्लान

# विद्यालय की खूबी

## खूबी

1. पढ़ने का अच्छा माहौल
2. पुस्तकालय
3. यात्रा सुविधा
4. स्मार्ट क्लास रूम
5. कला सांस्कृतिक कार्यक्रम
6. श्रेष्ठ अध्यापक गण

| महीना | गतिविधियाँ |
|---|---|
| 1. जून - 5<br>पर्यावरण दिवस | 1. पेड़ पौधों का वितरण, पोस्टर, प्रतिज्ञा |
| 2. जून - 19<br>वाचन दिवस | 2. वाचन कार्ड का वाचन, पोस्टर, कविता रचना, चित्र रचना |
| 3. जून - 26<br>लोक - नशा - निषेध दिवस | 3. पोस्टर, प्रतिज्ञा, नारे भाषण |
| 4. जुलाई - 31<br>मुंशी प्रेमचंद जयंती | 4. पोस्टर, कहानी आविष्कार, पेंसिल ड्राइंग |
| 5. अगस्त - 15<br>स्वतंत्रता दिवस | 5. पोस्टर, देशभक्ति गीत, संकेत पट |

| | |
|---|---|
| 6. सितंबर - 5<br>शिक्षक दिवस | 6 भाषण, पोस्टर,<br>टिप्पणी लेखन,<br>चित्र रचना |
| 7. सितंबर - 14<br>हिंदी दिवस | 7 पोस्टर, कविता<br>रचना, चित्र रचना,<br>कवितालापन, हिंदी<br>असंबली (हिंदी सभा) |
| 8. अक्तूबर - 2<br>गाँधी जयंती | 8 पोस्टर, ड्रॉइंग,<br>भाषण |
| 9. नवंबर - 1<br>केरल का जन्मदिन | 9 पोस्टर, केरल से<br>संबधित गीत<br>सुनाना, फान्सी ड्रैस |

| | |
|---|---|
| 10 नवंबर - 14<br>बाल दिवस | 10 नेहरू जी की टोपी<br>निर्माण , पोस्टर |
| 11. दिसंबर - 25<br>क्रिस्मस | 11 कार्ड निर्माण |
| 12. जनवरी - 26<br>गणतंत्र दिवस | 12. पोस्टर , भाषण ,<br>गीत , ड्रॉइंग |
| | |

# अकादमिक मास्टर प्लान

1. छात्रों को स्कूल वातावरण की ओर लाना है।
2. अपनी रुचि के अनुसार पढ़ाई प्रक्रियाओं में भाग लेने का अवसर देना।
3. ज्ञान वर्धक किताबों का वाचन
4. क्लब रूपीकरण
5. पिछड़े छात्रों को आगे लाने की प्रक्रिया देना
6. हिंदी भाषा की विकास केलिए लेखन, वाचन, आदि को अधिक अवसर देना।

# उपसंहार

उपर्युक्त गतिविधियों के आधार पर विद्यालय में स्तरानुकूल कार्यक्रम चलाएँगे। हरेक छात्र की भागीदारी का ख्याल रखेंगे। हिंदी भाषा का पोषण करने केलिए विद्यालय में दिनाचरण के अवसर का पूरा फायदा उठाएँगे। साथ ही पाठ्य प्रक्रिया का भी उचित प्रयोग करेंगे। इन प्रयोगों का एक ही लक्ष्य है - हिंदी भाषा का आर्जन।

AMP

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| — | — | | — | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| സമാന്തര വരകൾ ആശയം - ഉറപ്പ് വരുത്തുന്നു. | കായിക ഗ്രാഫ് നിർമ്മാണം, വരകൾ സമാന്തരമല്ലെങ്കിൽ. സമാന്തര വരകളെ മറ്റൊരു വര മുറിച്ചുകടക്കുമ്പോൾ ഉണ്ടാകുന്ന കോണുകൾ - Models, വലുതിന്ന ഗണിത ചാർട്ട് | ജൂൺ മാസം | ഗണിത അധ്യാപകർ | രക്ഷിതാക്കൾ |
| കോണുകൾ - ആശയം ഉറപ്പിക്കുന്നു. | വിവിധ തരം 3D ചിത്രങ്ങൾ നിർമ്മാണം. ഉറപ്പിക്കാം, അളക്കാം. കോണളവിലെ പ്രശ്നങ്ങൾ Geogebra. | ജൂൺ മാസം | ഗണിത അധ്യാപകർ | അധ്യാപകർ രക്ഷിതാക്കൾ |
| ജ്യാമിതിയിലെ അടിസ്ഥാനരൂപങ്ങൾ ബഹുഭുജങ്ങളുടെ സവിശേഷതകൾ കണ്ടെത്തുന്നു. | വൃത്ത പാറ്റേൺ നിർമ്മാണം. ചതുർഭുജങ്ങളുടെ നിർമ്മാണം. സവിശേഷതകൾ കണ്ടെത്തൽ | ജൂൺ മാസം | ഗണിത അധ്യാപകർ | PTA, SMC രക്ഷിതാക്കൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
| --- | --- | --- | --- | --- |
| വലിയ സംഖ്യകൾ വായിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ മനസിലാക്കുക. | വലിയ സംഖ്യകൾ ഉൾപ്പെടുന്ന പത്രക്കട്ടിങ്ങുകൾ ശേഖരിക്കുക. ABACUS - സ്ഥാനവില പോക്കറ്റ് നിർമ്മാണം. | ജൂലൈ | ഗണിത അധ്യാപകർ | PTA |
| ഒരു ഭിന്ന സംഖ്യയുടെ തന്നെ പല രൂപങ്ങൾ കണ്ടെത്തുക. | J- Fraction Lab - Fraction DISC നിർമ്മാണം പ്രശ്ന പരിഹരണ പ്രവർത്തനങ്ങൾ | ജൂലൈ | ഗണിത അധ്യാപകർ | PTA |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിത ക്ലബ് - പ്രവർത്തനങ്ങൾ ചോദ്യപ്പെട്ടി, ജ്യോമെട്രിക്കൽ ചാർട്ട് നിർമ്മാണം. | ജൂലൈ | ഗണിത അധ്യാപകർ | രക്ഷിതാക്കൾ |
| ഗണിതം മധുരമാക്കൽ | വിവിധതരം രൂപങ്ങളുടെ നിർമ്മാണം - ഒറിഗാമി. | ജൂലൈ | ഗണിത അധ്യാപകർ | ഗണിത ക്ലബ്. |
| വിവിധ ശേഷികളുടെ വികസനം. | ദിനാചരണങ്ങൾ പ്രവർത്തനങ്ങൾ ഗണിതശാസ്ത്രജ്ഞന്മാരെ കുറിച്ച് സെമിനാർ അവതരണം. | ജൂലൈ | ഗണിത അധ്യാപകർ | ഗണിത ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് കുട്ടികളുടെ പഠനപ്രശ്നങ്ങൾ കണ്ടെത്തുന്നു. പോരായ്മകൾ നികത്താനാവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഗസ്റ്റ് | ഗണിത അധ്യാപകർ | ഗണിത അധ്യാപകർ |
| MCQ ചോദ്യങ്ങൾ തയ്യാറാക്കുന്നു. | MCQ ചോദ്യങ്ങളുടെ രൂപീകരണവും പ്രശ്ന പരിഹാരവും. | ആഗസ്റ്റ് | ഗണിത അധ്യാപകർ | കുട്ടികളുടെ രക്ഷിതാക്കൾ |
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | ഗണിത ലാബ് വിപുലീകരിച്ച് ലാബിൽ വെച്ച് ക്ലാസ് നടത്തൽ. | ആഗസ്റ്റ് | ഗണിത അധ്യാപകർ | ഗണിത അധ്യാപകർ |
| ദേശീയ പതാക നിർമ്മാണം. | Aug-15 നോടനുബന്ധിച്ച് ദേശീയ പതാക 3 : 2 അംശബന്ധത്തിൽ തയ്യാറാക്കൽ | ആഗസ്റ്റ് | ഗണിത അധ്യാപകർ | ഗണിത അധ്യാപകർ രക്ഷിതാക്കൾ. |
| പ്രതിഭകളെ കണ്ടെത്തൽ | ഗണിത ക്വിസ് | ആഗസ്റ്റ് | ഗണിത അധ്യാപകർ | ഗണിത അധ്യാപകർ |

# മലയാളം അക്കാദമിക് മാസ്റ്റർ പ്ലാൻ – 2025-26.

മേഖല യു. പി. മലയാളം – എ.യു.പി.എസ് ചെങ്ങണിയൂർക്കാവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| * I ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും, പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാവിവരണം എന്നിവയുപയോഗിച്ച്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | ഭാഷാകേളി<br>അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്<br>അക്ഷരങ്ങളും, ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളും പ്രയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ മാസം | മലയാളം അധ്യാപകർ | |
| * II പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പു വരുത്തുക. | വാർത്താലോകത്തേക്ക്<br>പത്രം, ആഴ്ചപ്പതിപ്പ്, മാസികകൾ, എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |

| | മേഖല എ.വി. മലയാളം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദം |
| | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നു പ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ് |
| * III സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം, വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | സംവാദം / മുഖാമുഖം.<br>സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | H.M മലയാളം അധ്യാപകർ | പി.ടി.എ. |

മേഖല എൽ.പി. മലയാളം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| * IV | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കാൻ. | രംഗാവിഷ്കാരം<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അദ്ധ്യയന വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| * V | കുട്ടികളുടെ ആകാശവാണി എ.എൽ.പി.എസ് ചെങ്ങന്നിക്കൂർ അവതരണ മികവ് | എ.എൽ.പി. എസ് ചെങ്ങന്നിക്കൂർ എഫ്.എം.<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്ന വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഒരുവം മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. | ആദ്യത്തിൽ ആഴ്ചയിൽ ഒന്ന്, പിന്നീട് എല്ലാ ദിവസവും | ക്ലാസ് ടീച്ചർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബുകൾ പി.ടി.എ |

കേരള യു. പി. വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ദിനം/ആഴ്ചയിലെയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | | | |

| No | പ്രവർത്തനങ്ങൾ | സമയപരിധി | ചുമതല |
|---|---|---|---|
| | സമഗ്രശിക്ഷാകേരളം വിദ്യാഭ്യാസത്തിന്റെ ഭാഗമായി വായന പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രൂപ്പിൽ ഓരോ പാരഗ്രാഫ് വെച്ച് വായിച്ച് ഓരോ കുട്ടികളും Voice ഇടുന്നു. | June 4th – August 30th | ഇംഗ്ലീഷ് അധ്യാപകർ |
| June | June 19 വായനാദിനവുമായി ബന്ധപ്പെട്ട് ഒരു പുസ്തകം വായിച്ച് Book review എഴുതാൻ ആവശ്യപ്പെട്ടു. | June 19 – 23 | ഇംഗ്ലീഷ് അധ്യാപകർ |
| | June 26, 27 തിയതികളിൽ എല്ലാ ക്ലാസ്സുകളിലും Unit test നടത്താൻ തീരുമാനിച്ചു. | June – 26, 27 | ഇംഗ്ലീഷ് അധ്യാപകർ |
| | ശ്രദ്ധ – പിന്നോക്കക്കാർക്ക് പ്രത്യേക പരിശീലനം | June – March | ഇംഗ്ലീഷ് അധ്യാപകർ. |

| നം | പ്രവർത്തനങ്ങൾ | സമയപരിധി | ചുമതല |
| --- | --- | --- | --- |
| July | USS കുട്ടികൾക്കുള്ള ഇംഗ്ലീഷ് Grammar പ്രവർത്തനങ്ങൾ | July – February | English Teachers. |
| | English club ന്റെ നേതൃത്വത്തിൽ ബോധവൽക്കരണം | July 1st Week | English Teachers |
| | Newspaper reading Competition – ഇംഗ്ലീഷ് club ന്റെ നേതൃത്വത്തിൽ. | July 10th (Thursday) | English Teachers |

| | പ്രവർത്തനങ്ങൾ | സമയപരിധി | ചുമതല |
|---|---|---|---|
| August | കുട്ടികളിലെ Teacher നെ കണ്ടെത്തൽ. | August 5th (Tuesday) | English Teachers |
| | കുട്ടികളിലെ സാഹിത്യ ശേഷി കണ്ടെത്തൽ (കഥാ രചന- story writing) | August 12th (Tuesday) | English Teachers |
| | Readers Theatre — പ്രവർത്തനങ്ങൾ വിലയിരുത്തൽ | August — March | English Teachers. |

## അക്കാദമിക മാസ്റ്റർ പ്ലാൻ UP തലം അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ചുറ്റുപാടുകളിൽ നിന്നും ശാസ്ത്ര പഠനം | 1) ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം. | ശാസ്ത്രക്ലബ്ബ്, ഹെൽത്ത്ക്ലബ്ബ് | സയൻസ് ക്ലബ്ബ് |
| | 2) പരീക്ഷണക്കളരി | " | " | " |
| 2) ശാസ്ത്രോപകരണങ്ങളും പരീക്ഷണങ്ങളും കൈകാര്യം ചെയ്യാനുള്ള കഴിവ് | 1) ശാസ്ത്ര ലാബ്<br>2) ശാസ്ത്ര ലൈബ്രറി<br>3) വീട്ടിലെ പരീക്ഷണശാല<br>4) ശാസ്ത്രമേള (സ്കൂൾതലം) | " | " | " |
| 3) ശാസ്ത്ര പഠനത്തിന്റെ വിവിധ സാധ്യതകൾ, പഠനമികവുകൾ | 1) ശാസ്ത്ര സെമിനാർ<br>2) ബോധവൽക്കരണ പരിപാടികൾ | " | " | " |

അപ്പർ പ്രൈമറി ക്ലാസുകളിലേക്കുള്ള അറബി ഭാഷാ പഠനം

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ആമുഖം.

ഭാഷകൾ കേവലം ആശയവിനിമയത്തിനുള്ള ഉപാധികൾ മാത്രമല്ല, ഓരോ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും ഹൃദയത്തുടിപ്പുകളാണ്. അറിവിന്റെയും അവസരങ്ങളുടെയും പുതിയ ലോകങ്ങളിലേക്ക് അവ വാതായനങ്ങൾ തുറക്കുന്നു. ഈ കാഴ്ചപ്പാടിൽ, അപ്പർ പ്രൈമറി ക്ലാസുകളിലെ (5,6,7 ക്ലാസുകൾ) വിദ്യാർത്ഥികൾക്ക് അറബി ഭാഷാ പഠനം ഒരു പുതിയ അനുഭവമാണ് നൽകുന്നത്. ലോകത്ത് ഏറ്റവുമധികം ആളുകൾ സംസാരിക്കുന്ന ഭാഷകളിലൊന്നും സമ്പന്നമായ സാംസ്കാരിക പൈതൃകവുമുള്ള അറബി, നമ്മുടെ കുട്ടികൾക്ക് ഭാവിയിൽ വലിയ സാധ്യതകളാണ് തുറന്നു തരുന്നത്.

കേവലം ഒരു പാഠ്യവിഷയത്തിനപ്പുറം, അറബി ഭാഷയെ എങ്ങനെ സജീവവും പ്രായോഗികവുമാക്കാം എന്ന് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ വിശദീകരിക്കുന്നു. പഠനത്തെ ഒരു ഭാരമാക്കാതെ, കുട്ടികളുടെ സർഗ്ഗാത്മകവും സാമൂഹികവുമായ വളർച്ചയ്ക്ക് ഉതകുന്ന ഒരു മാധ്യമമാക്കി ഇതിനെ മാറ്റാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്. നവീനമായ പഠനരീതികളിലൂടെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയും അറബി ഭാഷാ പഠനം കൂടുതൽ ലളിതവും രസകരവുമാക്കാം. ഭാഷയോടുള്ള അഭിരുചി വളർത്തുന്നതിനൊപ്പം, അറബി സംസ്കാരത്തെയും പാരമ്പര്യത്തെയും കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും ഈ സമഗ്രമായ പദ്ധതി സഹായിക്കും. നമ്മുടെ കുട്ടികൾക്ക് അറബി ഭാഷയെ സ്നേഹിക്കാനും അവരുടെ ദൈനംദിന ജീവിതത്തിൽ അത് ഉപയോഗിക്കാനും ഈ മാസ്റ്റർ പ്ലാൻ വഴിയൊരുക്കും.

## വിഷൻ (Vision):

അറബി ഭാഷയെ കേവലം ഒരു വിഷയമായി കാണാതെ, വിദ്യാർത്ഥികളിൽ ഭാഷയോടുള്ള സ്നേഹവും താൽപ്പര്യവും വളർത്തി, അതിന്റെ സാംസ്കാരികവും ആശയവിനിമയപരവുമായ പ്രാധാന്യം മനസ്സിലാക്കി, അടിസ്ഥാനപരമായ ഭാഷാശേഷികൾ (കേൾക്കൽ, സംസാരം, വായന, എഴുത്ത്) ആർജ്ജിക്കാൻ അവരെ പ്രാപ്തരാക്കുക.

മിഷൻ (Mission):

നവീനമായ പഠനതന്ത്രങ്ങളിലൂടെയും സാങ്കേതികവിദ്യയുടെ സഹായത്തോടെയും വിദ്യാർത്ഥികൾക്ക് അറബി ഭാഷ ലളിതവും രസകരവുമാക്കുക. ദൈനംദിന ജീവിതത്തിൽ അറബി ഭാഷ ഉപയോഗിക്കാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും ഭാഷാപഠനം ഒരു മനോഹരമായ അനുഭവമാക്കി മാറ്റുകയും ചെയ്യുക.

## പ്രധാന ലക്ഷ്യങ്ങൾ (Key Objectives):

1. ശബ്ദജ്ഞാനം (Phonetics): അറബി അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണവും ശബ്ദവും തിരിച്ചറിയാനും ഉച്ചരിക്കാനും പഠിപ്പിക്കുക.
2. പദസമ്പത്ത് വികസിപ്പിക്കൽ (Vocabulary Expansion): അടിസ്ഥാനപരമായ അറബി വാക്കുകളും ശൈലികളും പരിചയപ്പെടുത്തുകയും അവ നിത്യജീവിതത്തിൽ ഉപയോഗിക്കാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
3. സംഭാഷണ ശേഷി (Conversational Skills): ലളിതമായ അറബി വാക്യങ്ങളിൽ സംഭാഷണത്തിൽ ഏർപ്പെടാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുക.
4. വായനാശേഷി (Reading Skills): ലളിതമായ അറബി വാക്യങ്ങളും ചെറിയ ഖണ്ഡികകളും വായിച്ച് മനസ്സിലാക്കാനുള്ള കഴിവ് വളർത്തുക.
5. എഴുത്തുശേഷി (Writing Skills): അറബി അക്ഷരങ്ങൾ ശരിയായി എഴുതാനും ലളിതമായ വാക്കുകളും വാക്യങ്ങളും നിർമ്മിക്കാനും പഠിപ്പിക്കുക.
6. വ്യാകരണത്തിന്റെ അടിസ്ഥാനങ്ങൾ (Basic Grammar): അറബി വ്യാകരണത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലളിതമായി പരിചയപ്പെടുത്തുക.
7. സാംസ്കാരിക അവബോധം (Cultural Awareness): അറബി ഭാഷയുമായി ബന്ധപ്പെട്ട സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും കുറിച്ച് അവബോധം നൽകുക.

## ക്ലാസ് തലത്തിലുള്ള ലക്ഷ്യങ്ങൾ (Class-wise Objectives):

ക്ലാസ് **5**:

- അറബി അക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാനും എഴുതാനും പഠിക്കുക.
- ഒറ്റ അക്ഷരങ്ങളും ലളിതമായ രണ്ടോ മൂന്നോ അക്ഷരങ്ങളുള്ള വാക്കുകളും തിരിച്ചറിയുക.
- അടിസ്ഥാനപരമായ അഭിവാദ്യങ്ങളും വ്യക്തിഗത വിവരങ്ങളും അറബിയിൽ പറയാൻ പഠിക്കുക (ഉദാഹരണത്തിന്, പേര്, വയസ്സ്).
- ചിത്രങ്ങൾ ഉപയോഗിച്ച് ലളിതമായ അറബി വാക്കുകൾ പഠിക്കുക.

- ചെറിയ പാട്ടുകളും ലളിതമായ സംഭാഷണങ്ങളും കേട്ട് മനസ്സിലാക്കാൻ ശ്രമിക്കുക.

ക്ലാസ് **6:**

- ചെറിയ അറബി വാക്യങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കാൻ ശ്രമിക്കുക.
- അടിസ്ഥാനപരമായ വാക്കുകളുടെയും ശൈലികളുടെയും പദസമ്പത്ത് വർദ്ധിപ്പിക്കുക.
- ലളിതമായ ചോദ്യങ്ങൾക്ക് അറബിയിൽ മറുപടി പറയാനും ചോദ്യങ്ങൾ ചോദിക്കാനും പഠിക്കുക.
- ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വാക്കുകളും വാക്യങ്ങളും പരിചയപ്പെടുത്തുക (ഉദാഹരണത്തിന്, ഭക്ഷണം, സ്കൂൾ, കുടുംബം).
- ചെറിയ ഖണ്ഡികകൾ വായിച്ച് പ്രധാന ആശയങ്ങൾ മനസ്സിലാക്കുക.
- ലളിതമായ അറബി വാക്യങ്ങൾ സ്വയം എഴുതാൻ ശ്രമിക്കുക.

ക്ലാസ് **7:**

- കൂടുതൽ സങ്കീർണ്ണമായ അറബി വാക്യങ്ങളും ചെറിയ കഥകളും വായിച്ച് മനസ്സിലാക്കുക.
- പദസമ്പത്ത് കൂടുതൽ വികസിപ്പിക്കുക.
- വിവിധ സാഹചര്യങ്ങളിൽ അറബിയിൽ സംഭാഷണത്തിൽ ഏർപ്പെടാൻ പരിശീലിക്കുക.
- അടിസ്ഥാനപരമായ വ്യാകരണ നിയമങ്ങൾ (ഉദാഹരണത്തിന്, ഏകവചനം/ബഹുവചനം, സ്ത്രീലിംഗം/പുല്ലിംഗം) മനസ്സിലാക്കുക.
- ചെറിയ വിവരണങ്ങളും കത്തുകളും അറബിയിൽ എഴുതാൻ ശ്രമിക്കുക.
- അറബി ഭാഷാ പാട്ടുകളും വീഡിയോകളും കൂടുതൽ മനസ്സിലാക്കാൻ ശ്രമിക്കുക.

<u>പഠനരീതികൾ **(Pedagogical Approaches)**:</u>

1. സംവേദനാത്മക പഠനം **(Interactive Learning):**

ചോദ്യോത്തരങ്ങൾ, സംഭാഷണങ്ങൾ, റോൾ പ്ലേ എന്നിവയിലൂടെ ഭാഷാ പഠനം സജീവമാക്കുക.

2. കളിയിലൂടെ പഠനം **(Play-way Method):**

ഗെയിമുകൾ, പസിലുകൾ, പാട്ടുകൾ എന്നിവ ഉപയോഗിച്ച് അറബി ഭാഷ രസകരമാക്കുക.

3. ദൃശ്യ-ശ്രാവ്യ പഠനം **(Audio-Visual Aids):**

ചിത്രങ്ങൾ, വീഡിയോകൾ, ഓഡിയോ ക്ലിപ്പുകൾ എന്നിവ പരമാവധി ഉപയോഗപ്പെടുത്തുക.

4. കഥപറച്ചിൽ **(Storytelling):**

ലളിതമായ അറബി കഥകൾ പറഞ്ഞ് കേൾപ്പിക്കുകയും വായിപ്പിക്കുകയും ചെയ്യുക.

5. ഗ്രൂപ്പ് പ്രവർത്തനങ്ങൾ **(Group Activities):**

വിദ്യാർത്ഥികളെ ഗ്രൂപ്പുകളായി തിരിച്ച് സംഭാഷണം, വായന, എഴുത്ത് എന്നിവ പരിശീലിപ്പിക്കുക.

6. സാങ്കേതിക വിദ്യയുടെ ഉപയോഗം **(Technology Integration):**

അറബി ഭാഷാ പഠനത്തിനുള്ള ആപ്ലിക്കേഷനുകൾ, വെബ്സൈറ്റുകൾ, ഓൺലൈൻ നിഘണ്ടുക്കൾ എന്നിവ പരിചയപ്പെടുത്തുക.

7. ആശയവിനിമയത്തിലൂന്നിയ പഠനം **(Communicative Approach):**

ഭാഷയെ ആശയവിനിമയത്തിനുള്ള ഉപാധിയായി കണ്ട്, സംഭാഷണ ശേഷിക്ക് പ്രാധാന്യം നൽകുക.

8. പദ്ധതി അധിഷ്ഠിത പഠനം **(Project-Based Learning):**

അറബി ഭാഷയുമായി ബന്ധപ്പെട്ട ചെറിയ പ്രോജക്ടുകൾ നൽകുക (ഉദാഹരണത്തിന്, അറബി പദസമ്പത്ത് ചാർട്ട് ഉണ്ടാക്കുക, ഒരു ചെറിയ സംഭാഷണം അവതരിപ്പിക്കുക).

## മൂല്യനിർണ്ണയം (Assessment):

- തുടർച്ചയായ മൂല്യനിർണ്ണയം **(Continuous Assessment):** ക്ലാസ് റൂം പ്രവർത്തനങ്ങൾ, പങ്കാളിത്തം, നോട്ട്ബുക്ക് പരിശോധന എന്നിവയിലൂടെ നിരന്തരമായ വിലയിരുത്തൽ.
- ഫോർമേറ്റീവ് മൂല്യനിർണ്ണയം **(Formative Assessment):** ക്വിസുകൾ, ചെറിയ ടെസ്റ്റുകൾ, വാചിക പരീക്ഷകൾ എന്നിവയിലൂടെ പഠന പുരോഗതി വിലയിരുത്തുക.
- സമ്മേറ്റീവ് മൂല്യനിർണ്ണയം **(Summative Assessment):** വാർഷിക പരീക്ഷകളിലൂടെയും പ്രധാന ടെസ്റ്റുകളിലൂടെയും അന്തിമ പഠന നേട്ടം വിലയിരുത്തുക.

- നാല് ഭാഷാശേഷികളുടെയും വിലയിരുത്തൽ: കേൾക്കൽ, സംസാരം, വായന, എഴുത്ത് എന്നീ ശേഷികൾക്ക് തുല്യ പ്രാധാന്യം നൽകി വിലയിരുത്തൽ നടത്തുക.

അധ്യാപക പരിശീലനം **(Teacher Training):**

- അറബി ഭാഷാ പഠനത്തിലെ പുതിയ പ്രവണതകളെയും പഠനരീതികളെയും കുറിച്ച് അധ്യാപകർക്ക് നിരന്തരമായ പരിശീലനം നൽകുക.
- സാങ്കേതികവിദ്യ ഉപയോഗിച്ച് അറബി പഠിപ്പിക്കാനുള്ള കഴിവ് വികസിപ്പിക്കുക.
- ഭാഷാ പഠനത്തിലെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് അവയെ അഭിമുഖീകരിക്കാൻ അധ്യാപകരെ സജ്ജരാക്കുക.

പഠനസാമഗ്രികൾ **(Learning Materials):**

- പാഠപുസ്തകങ്ങൾ
- ഓഡിയോ-വിഷ്വൽ സാമഗ്രികൾ (ചിത്രങ്ങൾ, ഫ്ലാഷ് കാർഡുകൾ, ഓഡിയോ ടേപ്പുകൾ, വീഡിയോകൾ)
- ഡിജിറ്റൽ പഠന സഹായികൾ (അറബിക് ആപ്പുകൾ, വെബ്സൈറ്റുകൾ)
- അറബി കഥാപുസ്തകങ്ങൾ (ലളിതമായവ)
- നിഘണ്ടുക്കൾ (ഇംഗ്ലീഷ്-അറബിക്, മലയാളം-അറബിക്)
- കളിപ്പാട്ടങ്ങളും ഗെയിമുകളും (അറബി അക്ഷരങ്ങൾ, വാക്കുകൾ എന്നിവ ഉൾക്കൊള്ളുന്നത്)

പ്രവർത്തന കലണ്ടർ **(Activity Calendar) :**

- ആഴ്ചതോറും: സംഭാഷണ ക്ലാസ്സുകൾ, പദസമ്പത്ത് പഠനം, ലളിതമായ വായന, എഴുത്ത് പരിശീലനം.
- മാസത്തിലൊരിക്കൽ: അറബി ഗാനം/കഥ അവതരണം, ചെറിയ ക്വിസ്, റോൾ പ്ലേ.
- അധ്യായന വർഷത്തിൽ: അറബി ഭാഷാ ദിനാചരണം, അറബി കവിതാ പാരായണം/ പ്രസംഗ മത്സരം, അറബി ഭാഷാ പ്രദർശനം.

പ്രതിബന്ധങ്ങളും പരിഹാരങ്ങളും **(Challenges and Solutions):**

- വെല്ലുവിളി: വിദ്യാർത്ഥികൾക്ക് അറബി ഭാഷയോടുള്ള താൽപ്പര്യക്കുറവ്.
  - പരിഹാരം: രസകരമായ പഠനരീതികൾ, കളിയിലൂടെ പഠനം, പ്രായോഗിക ഉപയോഗത്തിനുള്ള സാഹചര്യങ്ങൾ ഒരുക്കൽ.
- വെല്ലുവിളി: പരിമിതമായ പഠന സാമഗ്രികൾ.

# ACADEMIC MASTER PLAN 2025-2026

## ART EDUCATION

| MONTH | EVENT | PERIOD{ TIME REQUIRED} (DAY/DAYS) |
|---|---|---|
| JUNE | It was decided to celebrate the entrance festival programs appropriately. It was decided to organize various art programs for children .<br>**<u>June 21 (World Music Day)</u>**<br>1. It was decided to celebrate World Music Day by conducting a survey regarding the musical genres and famous musicians<br>**2. Arts Club inauguration:** It was decided to form an Arts Club in the month of June itself and activate the club activities. | 2 |
| JULY | 1. It was decided to organize an **exhibition of children'sArt works** in the month of July and to convey the relevance of **World Art Day** (April 15) to children through Arts Club activities. | 1 |

| | | |
|---|---|---|
| **AUGUST** | . August 15 (Independence Day)<br>August 15 - It was decided to celebrate **Independence Day programs**. It was decided to organize art programs for children. | 1 |
| **SEPTEMBER** | It was decided to organize **Onam** celebrations in a proper manner. (1 Day)<br>2. It was decided to organize **school art festival { KALOLSAVAM** } in a colorful manner. (4 Days) | 5 |
| **OCTOBER** | 1. October 2 **(Gandhi Jayanti Day)**<br>It was decided to plan art programs under the leadership of the Arts Club on October 2 Gandhi Jayanti.<br>2. On OCTOBER 13 The children are made aware that it is **National Film Day**.<br>It was decided to organize a children's **film screening** under the leadership of the Arts Club. (Half Day) | 1 ½ |
| **NOVEMBER** | It was decided to organize a **drawing competition** on the occasion of **Children's Day.** (1 Day) | 1 |
| **DECEMBER** | It was decided to organize **Christmas programs** on the occasion of Christmas Day. | 1 |

| | | |
|---|---|---|
| JANUARY | . January 26: (Republic Day)<br>It was decided to plan and organize art programs for children on the occasion of **Republic Day.** | 1 |
| FEBRUARY | 1. Children perform a **dance form composed by themselves** under the leadership of the Arts Club. These performances will be included as a part of their **Annual Day Celebrations.**<br>(The importance of **World Dance Day** on April 29 is conveyed to the children.<br>(1 DAY) | 1 |
| MARCH | Children perform a **self-composed play** in conjunction with **World Drama Day** (MARCH 27). | 1 |

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | PTA<br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Edit with WPS Office

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം.</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| **4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ .** | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| **5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ.** | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| **6. <u>ആസ്വാദന ലോകം .</u>**<br>**ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി .** | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Edit with WPS Office

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| **7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ .** | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| **8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് .** | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Edit with WPS Office